## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3199 07-11-2019 -ൽ മറുപടിക്ക്

## പ്രളയബാധിതർക്കുള്ള ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുഹമ്മദ് മുഹസിൻ പി. | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | പ്രളയത്തോടനുബന്ധിച്ച് നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് സർക്കാർ നല്കി വരുന്ന ധനസഹായത്തിന്റെ മാനദണ്ഡങ്ങളും എത്ര രൂപ ധനസഹായം ലഭിക്കും എന്നതും വിശദമാക്കാമോ; | എ) | ദുരന്ത ബാധിതർക്ക്, സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരമുള്ള അടിയന്തിര സഹായമായി പരമാവധി 10,000/- രൂപ അനുവദിക്കുന്നു. പ്രകൃതിദുരന്തത്തിൽ മരണപ്പെട്ട വരുടെ കുടുംബാംഗങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം 4 ലക്ഷം രൂപ അനുവദിക്കുന്നു. പൂർണ്ണമായും തകർന്നതോ, പൂർണ്ണമായും വാസയോഗ്യമല്ലാതാവുകയോ (75% അധികം നാശനഷ്ടം നേരിട്ട വീടുകൾ) ചെയ്ത വീട് ഒന്നിന് നാല് ലക്ഷം രൂപയും വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങുന്നതിനായി ആറ് ലക്ഷം രൂപയും അനുവദിക്കുന്നു. |
| ബി) | പ്രളയത്തിൽ വാസസ്ഥലങ്ങളിൽ വെള്ളം കയറുകയും താമസിക്കാൻ നിർവ്വാഹ മില്ലാത്ത സാഹചര്യത്തിൽ മറ്റു ബന്ധുവീടുകളിൽ അഭയം പ്രാപിക്കുകയും ചെയ്തവർക്ക് പ്രളയ ദുരിതാശ്വാസമെന്ന നിലയിൽ സാമ്പത്തിക സഹായം ലഭിക്കുന്നതിന് അർഹതയുണ്ടോയെന്ന് അറിയിക്കാമോ; | ബി)<br>&<br>സി) | ഉണ്ട്. ചില കുടുംബങ്ങൾ ദുരന്ത മുന്നറിയിപ്പ് ലഭിച്ചതിനെ തുടർന്ന് ക്യാമ്പുകളിലല്ലാതെ, സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും വീടുകളിൽ മാറിത്താമസിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇവരെക്കൂടി ദുരിതബാധിതർ കുടുംബം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടു വിച്ചിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) | ഇത്തരം ആളുകൾക്ക് ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിച്ചില്ല എന്ന കാരണത്താൽ സഹായം ലഭിക്കാ തിരിക്കുമോ; ഇതിനെ സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ അത് ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - പ്രളയം 2019 - പ്രളയദുരന്തവുമായി ബന്ധപ്പെട്ട് ദുരിതബാധിതർക്ക് ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിൽ സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

**സ.ഉ.(എം.എസ്.) നം.23/2019/ദു.നിവ.** **തീയതി, തിരുവനന്തപുരം 22/08/2019**

---

പരാമർശം:- സ.ഉ.(കൈ) നം.22/2019/ഡി.എം.ഡി. തീയതി 17.08.2019

**<u>ഉത്തരവ്</u>**

പരാമർശ ഉത്തരവ് പ്രകാരം വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉരുൾപൊട്ടലും മൂലമുള്ള ദുരന്തങ്ങളെ അഭിമുഖീകരിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരം ദുരന്ത ബാധിത കുടുംബം എന്നാൽ ചുവടെ ചേർക്കുന്ന തരത്തിൽ നിർവചിച്ചിരുന്നു:

1. പ്രളയ ജലം പ്രവേശിച്ച വീടുകളിൽ വസിച്ചിരുന്ന കുടുംബങ്ങൾ,

   അല്ലെങ്കിൽ

2. പ്രകൃതിക്ഷോഭത്തിൽ ഭാഗികമായോ പൂർണ്ണമായോ (15% മുതൽ 100% വരെ) തകർച്ച നേരിട്ട വീടുകളിൽ വസിച്ചിരുന്ന കുടുംബങ്ങൾ

   അല്ലെങ്കിൽ

3. പ്രകൃതിദുരന്ത സാധ്യത സംബന്ധിച്ച മുന്നറിയിപ്പ് അനുസരിച്ച് വീട് വിട്ട് സർക്കാർ അംഗീകൃത ക്യാമ്പുകളിൽ വസിച്ചിരുന്ന കുടുംബങ്ങൾ

(2) ചില കുടുംബങ്ങൾ ദുരന്ത മുന്നറിയിപ്പ് ലഭിച്ചതിനെ തുടർന്ന് ക്യാമ്പുകളിലല്ലാതെ സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും വീടുകളിൽ മാറിത്താമസിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്നവരെ കൂടി ദുരിതാബാധിത കുടുംബം എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

i. പ്രളയസാധ്യത മുന്നിൽ കണ്ട് ബന്ധുക്കളുടെയോ സുഹൃത്തുക്കളുടെയോ വീടുകളിൽ മാറി താമസിച്ച കുടുംബങ്ങൾ

ii. ആലപ്പുഴ, കോട്ടയം ജില്ലകളിലെ കഞ്ഞിപ്പുരകളിൽ രജിസ്റ്റർ ചെയ്യുകയും ഭക്ഷണം നൽകുകയും ചെയ്ത കുടുംബങ്ങൾ

iii. ഒറ്റയ്ക്കും കുടുംബമായും ക്യാമ്പിൽ രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികൾ

(3) പരാമർശ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**വി. വേണു**

പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം

[P.T.O]

എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും, (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം , എറണാകുളം, കോഴിക്കോട്, തൃശ്ശൂർ
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും ബന്ധപ്പെട്ട എല്ലാ വകുപ്പ് തലവൻമാർക്കും (ഭരണ വകുപ്പുകൾ മുഖേന)
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
വ്യവസായവും കായിക യുവജനക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസിന്
ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസിന്
തുറമുഖവും പുരാവസ്തുവും പുരാരേഖയും മ്യൂസിയവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്) പേഴ്സണൽ സെക്രട്ടറിക്ക്
അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്) സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ 4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ